പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1787 26-10-2026-ൽ മറുപടിയ്ക്ക്

<u>സംസ്ഥാനത്തിന്റെ പഞ്ചവത്സരപദ്ധതി (2027-32)</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. വി. ജോയി

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. കെ. യു. ജനീഷ് കുമാർ

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തിന്റെ പഞ്ചവത്സരപദ്ധതി (2027-32) രൂപീകരണത്തിന് സ്വകാര്യ ഏജൻസികളെ ഉൾപ്പെടെ എംപാനൽ ചെയ്യുന്നതിന് ആസൂത്രണ ബോർഡ് 03.10.2026-ന് വിജ്ഞാപനം പുറപ്പെടുവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തെ വികസിത രാജ്യങ്ങൾക്ക് തുല്യമായ വികസനനിലവാരത്തിലേക്ക് ഉയർത്തുക എന്നതാണ് ഈ സർക്കാരിന്റെ നയം. ഈ ലക്ഷ്യത്തിന്റെ ഭാഗമായി, ആഗോളതലത്തിലുണ്ടാകുന്ന മാറ്റങ്ങൾക്കും വികസന പ്രവണതകൾക്കും അനുസൃതമായി ആവശ്യമായ പ്രത്യേക വൈദഗ്ധ്യവും സാങ്കേതിക പരിജ്ഞാനവും പ്രയോജനപ്പെടുത്തി പതിനഞ്ചാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണത്തിന് ആവശ്യമായ പ്രൊഫഷണൽ, ഗവേഷണ, സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്നതിനായി ദേശീയതലത്തിൽ പ്രശസ്തരായ കൺസൾട്ടൻസി സ്ഥാപനങ്ങൾ, തിങ്ക് ടാങ്കുകൾ, ഗവേഷണ സ്ഥാപനങ്ങൾ, മറ്റ് പ്രൊഫഷണൽ സ്ഥാപനങ്ങൾ എന്നിവയെ ഉൾപ്പെടുത്തി ഒരു പാനൽ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന ആസൂത്രണ ബോർഡ് 03.10.2026-ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**(ബി)** എംപാനൽ ചെയ്യുന്ന ഏജൻസികളുടെ ചുമതലകൾ എന്തെല്ലാമായിരിക്കുമെന്ന് വിശദമാക്കാമോ;

<u>മറുപടി:</u> എംപാനൽ ചെയ്യുന്ന ഏജൻസികളുടെ ചുമതലകൾ ചുവടെ ചേർക്കുന്നു.

1.നയവിശകലനം: വിവിധ മേഖലകളിലെ വികസനവുമായി ബന്ധപ്പെട്ട നയങ്ങളും വിവരങ്ങളും വിശകലനം ചെയ്യുക.

2.പദ്ധതിഅവലോകനം: നിലവിലുള്ള സർക്കാർ പദ്ധതികളുടെയും പരിപാടികളുടെയും പ്രവർത്തനക്ഷമത വിലയിരുത്തുക.

3. മികച്ച മാതൃകകൾ കണ്ടെത്തൽ: ദേശീയ, അന്തർദേശീയ തലങ്ങളിലെ മികച്ച പ്രവർത്തനരീതികൾ പഠിക്കുകയും കേരളത്തിൽ പ്രയോജനപ്പെടുത്താവുന്ന മാതൃകകൾ നിർദേശിക്കുകയും ചെയ്യുക.

4. വികസന മുൻഗണനകൾ നിർണയിക്കൽ: സംസ്ഥാനത്തിന്റെ തന്ത്രപരമായ വികസനമുൻഗണനകളും പുതിയ വികസന സാധ്യതകളും കണ്ടെത്തുക.

5. പദ്ധതി രൂപീകരണം: പൂതിയ പരിപാടികൾ, പദ്ധതികൾ, നിർവഹണ ചട്ടക്കൂടുകൾ എന്നിവ തയ്യാറാക്കുക.

6. റിപ്പോർട്ട് തയ്യാറാക്കൽ: വർക്കിംഗ് ഗ്രൂപ്പുകളുടെ റിപ്പോർട്ടുകളും പഞ്ചവത്സര പദ്ധതി രേഖകളും തയ്യാറാക്കുന്നതിനും അവലോകനം ചെയ്യുന്നതിനും സഹായിക്കുക.

7. ഫലസൂചകങ്ങളും നിരീക്ഷണ സംവിധാനങ്ങളും: അളക്കാവുന്ന ഫലങ്ങൾ, പ്രകടനസൂചകങ്ങൾ, നിരീക്ഷണ ചട്ടക്കൂടുകൾ എന്നിവ വികസിപ്പിക്കുക.

**(സി)** ആസൂത്രണ ബോർഡിലെ വിദഗ്ധ സമിതി നിർവ്വഹിച്ചിരുന്ന ചുമതലകൾ സ്വകാര്യ എംപാനൽ ഏജൻസികൾക്ക് നൽകുന്നത് പദ്ധതികൾ ആവിഷ്കരിക്കുന്നതിലെ സുതാര്യതയെ ദോഷകരമായി ബാധിക്കുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** പതിനഞ്ചാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാരിതര ഏജൻസികളെ ഉൾപ്പെടുത്തി പാനൽ രൂപീകരിക്കുന്ന നടപടി ആഗോളതലത്തിലെ മാറ്റങ്ങളും സാങ്കേതിക പരിജ്ഞാനവും പ്രയോജനപ്പെടുത്തുന്നതിനു വേണ്ടിയാണ്. നിലവിലുള്ള സർക്കാർ ചട്ടങ്ങൾ, നടപടിക്രമങ്ങൾ, സുതാര്യതാ മാനദണ്ഡങ്ങൾ എന്നിവ പാലിച്ചുകൊണ്ടായിരിക്കും ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തുക എന്നതിനാൽ സുതാര്യതയെ ദോഷകരമായി ബാധിക്കുകയില്ല.

**(ഡി)** സ്വകാര്യ എംപാനൽ ഏജൻസികൾ ആവിഷ്കരിക്കുന്ന നയപരിപാടികളും പദ്ധതികളും അഴിമതിക്ക് വഴിയൊരുക്കുമെന്ന് ഉയരുന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**മറുപടി:** സ്വകാര്യ എംപാനൽ ഏജൻസികൾ ആവിഷ്കരിക്കുന്ന നയപരിപാടികളും പദ്ധതികളും അഴിമതിക്ക് വഴിയൊരുക്കുന്ന സാഹചര്യം ഇല്ല. പതിനഞ്ചാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണത്തിനായി സ്വകാര്യ ഏജൻസികളെ ഉൾപ്പെടുത്തി പാനൽ രൂപീകരിക്കുന്നത് പ്രത്യേക മേഖലകളിലെ വൈദഗ്ധ്യവും സാങ്കേതിക സഹായവും ലഭ്യമാക്കുന്നതിനാണ്. നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനോ പദ്ധതികൾക്ക് അന്തിമരൂപം നൽകുന്നതിനോ ഏജൻസികൾക്ക് അധികാരം നൽകാൻ ഉദ്ദേശിക്കുന്നില്ല. ബന്ധപ്പെട്ട സർക്കാർ ചട്ടങ്ങളും സാമ്പത്തിക നടപടിക്രമങ്ങളും പാലിച്ച് വ്യക്തമായ പ്രവർത്തനപരിധിയും കരാർ വ്യവസ്ഥകളും മേൽനോട്ട സംവിധാനങ്ങളും ഉറപ്പാക്കിക്കൊണ്ടായിരിക്കും ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തുക.

സെക്ഷൻ ഓഫീസർ